പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :721** **29.05.2019-ൽ മറുപടിക്ക്**

**പെർളടുക്കം കോ. ഓപ്പറേറ്റീവ് സൊസൈറ്റിയിലെ സാമ്പത്തിക ക്രമക്കേടുകൾ**

**ചോദ്യം** **മറുപടി**

**ശ്രീ.കെ.കുഞ്ഞിരാമൻ** **ശ്രീ.കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | കാസർഗോഡ് ജില്ലയിൽ പെർളടുക്കം അഗ്രികൾച്ചറൽ മാർക്കറ്റിംഗ് &പ്രോസസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ സാമ്പത്തികവും മറ്റുമായ ക്രമക്കേടുകൾ നടക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; | (എ) | ഉണ്ട്. സംഘത്തിൽ സാമ്പത്തിക ക്രമക്കേടുകൾ നടക്കുന്നുണ്ടെന്നും അഴിമതി നടക്കുന്നുവെന്നും രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ലെന്നും യോഗങ്ങൾ കൃത്യമായി ചേരുന്നില്ലെന്നും ചൂണ്ടിക്കാട്ടി പരാതി ലഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പരാതിയുടെ അടിസ്ഥാനത്തിൽ വകുപ്പുതല അന്വേഷണം നടത്തിയിട്ടുണ്ടോ വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | പരാതിയിൽ സഹകരണ നിയമം 65-ാം വകുപ്പ് പ്രകാരമുള്ള അന്വേഷണം നടത്താൻ 09.05.2019 ലെ കാസർഗോഡ് ജോയിന്റ് രജിസ്ട്രാർ (ജനറൽ)ന്റെ എച്ച്.എം.1780/2019 നമ്പർ പ്രകാരം കാസർഗോഡ് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ ചെമ്മനാട് യൂണിറ്റ് ഇൻസ്പെക്ടറെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ച് കൊണ്ട് ഉത്തരവ് നൽകിയിട്ടുണ്ട്. പരിശോധന പൂർത്തീകരിച്ച് റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| (സി) | അന്വേഷണത്തിൽ എന്തെങ്കിലും ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (സി) | 65-ാം വകുപ്പ് അന്വേഷണം പൂർത്തീകരിച്ചിട്ടില്ല. എന്നാൽ 65-ാം വകുപ്പ് അന്വേഷണത്തിന് മുമ്പ് നടത്തിയ പ്രാഥമിക അന്വേഷണത്തിൽ സംഘം 31.03.2019 ലെ സ്റ്റോക്ക് സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിട്ടില്ലെന്നും പല രജിസ്റ്ററുകളും സംഘത്തിൽ കൃത്യമായി സൂക്ഷിക്കുന്നില്ലെന്നും സൂക്ഷിക്കുന്നവ തന്നെ അവ്യക്തവും അപൂർണ്ണവുമാണെന്നും കണ്ടെത്തിയിരുന്നു. |
| (ഡി) | അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കാതിരിക്കാനുള്ള കാരണം വിശദമാക്കാമോ? | (ഡി) | സഹകരണ നിയമം 65-ാം വകുപ്പ് പ്രകാരമുള്ള അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കി റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**